


**KAVAL PROGRAMME SUPPORTED BY DEPARTMENT OF WOMEN AND CHILD DEVELOPMENT GOVT.OF KERALA, DISTRICT CHILD PROTECTION UNIT ERNAKULAM**

**&**

**RAJAGIRI OUTREACH ,RAJAGIRI COLLEGE OF SOCIAL SCIENCES (AUTONOMOUS) KALAMASSERY, ERNAKULAM**

# എഡിറ്റോറിയൽ

സാഹചര്യങ്ങളുടെ സമ്മർദ്ദവും, പ്രായത്തിന്റെ പ്രത്യേകതകളും നമ്മെ പലവഴികളിലൂടെ എത്തിച്ചെങ്കിലും കോവിഡ് മഹാമാരിയുടെ ഈ കാലത്ത് പ്രത്യേകിച്ച് ഓണം എന്ന നല്ല ദിനത്തിന്റെ  ആഘോഷനാളുകളിൽ, സ്നേഹവും സാഹോദര്യവും അലയടിക്കുന്ന ഈ ദിനങ്ങളിൽ, പ്രതികൂലസാഹചര്യങ്ങളിൽ തോറ്റു കൊടുക്കാതെ ധീരമായി പോരാടി തങ്ങളുടെ കഴിവുകളെ വളർത്തിയെടുക്കുവാൻ നിങ്ങൾ ശ്രമിക്കുമ്പോൾ അഭിമാനത്തോടെ പറയുന്നു നമ്മൾ ഒന്നിച്ചു നിന്നാൽ ഒരുമയോടെ നിന്നാൽ എല്ലാ പ്രതിസന്ധികളെയും അതിജീവിക്കും. വീഴ്ചകളിൽ നിന്ന് ഉയർത്തെഴുന്നേറ്റ, നല്ല നാളെക്കായി കൊതിക്കുന്ന എല്ലാ കൂട്ടുകാർക്കും ഈ കലാസൃഷ്ടി സമർപ്പിക്കുന്നു.

ശുഭാശംസകളോടെ

എഡിറ്റോറിയൽ  ബോർഡ്

.

# എഡിറ്റോറിയൽ ബോർഡ്


**മീന കുരുവിള** : പ്രോജക്ട് ഡയറക്ടർ
രാജഗിരി ഔട്ട്റീച്ച്

**സജോ ജോയ്** : കോർഡിനേറ്റർ
കാവൽ

**ജിൻഷ ബാബു കെ.എം** : കേസ് വർക്കർ
കാവൽ

**ഇന്റേൺഷിപ്പ് വിദ്യാർത്ഥികൾ**

റോസ് മരിയ ദേവസ്സി

ടിബിൻ തോമസ്

മെൽബിൻ ജോസഫ്

അനൂപ് രവീന്ദ്രൻ

# MESSAGE

We all know, a piece of literature or artwork by a child is prone to mistakes. No one can expect a perfect work from a child as they are new to the field...

Likewise are the mistakes they make in their life. Those are only the outcome of their inexperience with life.

Just like a toddler learning to walk from his falls, make these mistakes as stepping stones for your success. Gather strength and courage from the present and go ahead with your head held high...

A brilliant future is waiting for each and every one of you…

Shri. Arshadh khan

Principal Magistrate

Juvenile Justice Board

Ernakulam

# സന്ദേശം

"സമൂഹം കുറ്റകൃത്യം ഒരുക്കി വെക്കുന്നു... കുറ്റവാളി അത് നടപ്പിലാക്കുന്നു" – വിറ്റോറിയോ അൽഫിയറി

ആരും കുറ്റവാളി ആയി ജനിക്കുന്നില്ല എന്നത് പൊതുവെ അംഗീകരിക്കപ്പെട്ടിട്ടുള്ളതാണ്.അപരാധികൾ പ്രത്യേകിച്ച് കുട്ടികളാകുമ്പോൾ അവരെ ഗുണപരമായ മാറ്റത്തിലൂടെ തിരികെ സമൂഹത്തിലേക്ക് കൊണ്ടുവരിക എന്നതാണ് ഏറ്റവും ഭാരിച്ച ഉത്തരവാദിത്തം.നിയമവുമായി പൊരുത്തപ്പെടാൻ ബുദ്ധിമുട്ടുള്ള കുട്ടികളെ ജീവിതത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ട് വരാൻ കാവൽ പദ്ധതിയിലൂടെ കഴിഞ്ഞിട്ടുണ്ട്. ഒരു കുട്ടിയുടെ ആവശ്യവും സാഹചര്യവും മുൻ നിർത്തി വ്യക്തമായ ആസൂത്രണത്തോടെ നിരന്തര ഇടപെടൽ കാവൽ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്നു. കുടുംബത്തിന്റെയും, സമൂഹത്തിന്റെയും പിന്തുണയും,പോലീസിന്റെ സഹായവും കുട്ടികളിൽ പരിവർത്തനമുണ്ടാവാൻ ഏറെ സഹായിക്കുന്നു. കേസിൽ പെടുന്ന കുട്ടികളാണ് പിന്നീട് വലിയ കുറ്റകൃത്യങ്ങളിൽപ്പെട്ട് ജയിലിൽ എത്തുന്നത് എന്ന പതിവ് സംസാരം അവസാനിപ്പിക്കുവാനുള്ള തീവ്ര ശ്രമ പദ്ധതിയാണ് കാവൽ.

ശ്രീമതി സിനി കെ എസ്

ജില്ലാ ശിശു സംരക്ഷണ ഓഫീസർ

ഡി. സി. പി. യു

എറണാകുളം

# സന്ദേശം

എറണാകുളം ജില്ലയിലെ `കാവൽ പ്രവർത്തനങ്ങളുടെ ഭാഗമായി, കുട്ടികളുടെ സാഹിത്യ സൃഷ്ടികൾ കോർത്തിണക്കി പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കുവാൻ ഉദ്ദേശിക്കുന്നതായി അറിയാൻ കഴിഞ്ഞു. കൗമാരകാലത്തിന്റെ അപക്വതയിൽ കാലിടറിയെങ്കിലും, അതിൽ ഭഗ്നാശയർ ആകാതെ ജീവിതം തിരിച്ചുപിടിക്കുന്നതിന് നിശ്ചയദാർഢ്യത്തോടെ മുന്നോട്ടുപോകുന്ന കൊച്ചുകൂട്ടുകാർക്ക് മതിയായ മാനസിക പിന്തുണ നൽകുന്നതിനും, നവീനങ്ങളായ ആശയങ്ങളിലൂടെ സമൂഹത്തിൽ പുത്തനുണർവ് സൃഷ്ടിക്കുന്നതിനും ഇത്തരം പ്രവർത്തനങ്ങൾ ഉതകും എന്ന കാര്യത്തിൽ സംശയമില്ല. കുട്ടികളുടെ സാഹിത്യസൃഷ്ടികൾ വെളിച്ചം കാണുന്നതിന് ഉതകുന്ന ഒരു സ്ഥിരം സംവിധാനമായി ഈ സംരംഭം വളർന്നു വരട്ടെ എന്ന് ആശംസിക്കുന്നു.

ശ്രീ.സി. കെ. രാഘവൻ ഉണ്ണി

ജുവനൈൽ ജസ്റ്റിസ് ബോർഡ് മെമ്പർ

എറണാകുളം

# സന്ദേശം

കുട്ടികളുടെ കലാവാസന തട്ടി ഉണർത്തുക വഴി അവരുടെ കഴിവുകളെ പുറത്തു കൊണ്ടു വരിക എന്ന ഉദ്ദേശത്തോടുകൂടി തയ്യാറാക്കിയ ഈ മാഗസിൻ എന്തുകൊണ്ടും 'കാവൽ' പദ്ധതിക്ക് ഒരു പൊൻതൂവൽ തന്നെയാണ്. ഈ സംരംഭത്തിൽ പങ്കെടുത്ത കുട്ടികൾക്ക് ഇതു വലിയൊരു പ്രോത്സാഹനവും, മറ്റു കുട്ടികൾക്ക് അവരുടെ കഴിവുകൾ കണ്ടെത്തുന്നതിനുള്ള ഒരു പ്രചോദനവും ആയിത്തീരട്ടെ. ഇത്തരം സൃഷ്ടിപരമായ പ്രവർത്തനങ്ങൾ കുട്ടികളിൽ മാനസിക ഉല്ലാസത്തിനും വഴിയൊരുക്കുന്നു. ഇങ്ങനെ ഒരു പദ്ധതിക്ക് ചുക്കാൻ പിടിച്ച രാജഗിരി ഔട്ട് റീചിന്റെ ഭാരവാഹികൾക്ക് എല്ലാവിധ അനുമോദനങ്ങളും ആശംസകളും അറിയിച്ചു കൊള്ളുന്നു

ശ്രീമതി ഷീല മറിയം ഉമ്മൻ

ജുവനൈൽ ജസ്റ്റിസ് ബോർഡ് മെമ്പർ

എറണാകുളം

# സന്ദേശം

പ്രിയപ്പെട്ടവരെ ,

പ്രതിസന്ധികളും നിയന്ത്രണങ്ങളും ഉള്ള കോവിഡ് മഹാമാരി കാലഘട്ടത്തിലൂടെ ആണ് നമ്മൾ ഓരോരുത്തരും കടന്നു പോകുന്നത് . സമയവും സന്തോഷവും നഷ്ടമാകുന്ന ഈ പ്രത്യേക സാഹചര്യത്തിലും കാവൽ പദ്ധതിയുടെ ഭാഗമായി നടത്തിയ പ്രവർത്തനങ്ങളിൽ പങ്കാളികളാകുവാൻ തയ്യാറായ എല്ലാ കുട്ടികൾക്കും അവരുടെ രക്ഷകർത്താക്കൾക്കും അഭിനന്ദനങ്ങൾ .

കോവിഡ് നിയന്ത്രണങ്ങൾ നടപ്പിലാക്കിയ സമയത്ത് കാവൽ പദ്ധതിയിലെ എറണാകുളം ജില്ലയിലെ കുട്ടികൾക്കും കുടുംബങ്ങൾക്കുമായി വിവിധ തരത്തിലുള്ള പ്രവർത്തനങ്ങൾ നടത്തുവാൻ കാവൽ പദ്ധതിയിലെ പ്രവർത്തകർക്ക് കഴിഞ്ഞു എന്നത് അഭിനന്ദനാർഹമാണ് .ലോക്ഡൗൺ കാലഘട്ടത്തിലെ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി രാജഗിരി ഔട്ട്റീച്ച് സർവീസ് പുറത്തിറക്കുന്ന മാഗസിന് എന്റെ അഭിനന്ദനങ്ങൾ അറിയിക്കുന്നു .ഇതിന്റെ പിന്നിൽ പ്രവർത്തിച്ച എല്ലാ പ്രവർത്തകർക്കും ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്ന മനോഹരമായ സൃഷ്ടികൾ തയ്യാറാക്കിയ പ്രിയപ്പെട്ട കുട്ടികൾക്കും എന്റെ സ്നേഹാശംസകൾ നേരുന്നു.

ശ്രീനേഷ് എസ് അനിൽ

പ്രോഗ്രാം കോർഡിനേറ്റർ

കാവൽ പദ്ധതി ഐ സി പി എസ്

വനിത ശിശു വികസന വകുപ്പ്

# ആശംസ

ലോകം നിശബ്ദതയിലാണ്ടുപോയ കോവിഡ് മഹാമാരി കാലഘട്ടത്തിന്റെ പ്രതിസന്ധികളിൽ ഊർജ്ജസ്വലത കൈവിടാതെ തങ്ങളുടെ കഴിവുകളെ കണ്ടെത്താനും അത് പ്രകടിപ്പിക്കുവാനും നമ്മുടെ കുട്ടികളെ പ്രാപ്തരാക്കിയ 'ഉയരെ' എന്ന മാഗസിന് പിന്നിൽ പ്രവർത്തിച്ച കാവൽ ടീം അംഗങ്ങൾക്കും, ഇതിൽ പങ്കാളികളായ എല്ലാ കുട്ടികൾക്കും അഭിനന്ദനങ്ങൾ....

ഡോ.ഫാ .സാജു എം.ഡി,
സി.എം.ഐ

അസോ.ഡയറക്ടർ& വൈസ് പ്രിൻസിപ്പാൾ

രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ്

കളമശ്ശേരി

# ആശംസ

നിരവധി പ്രതിസന്ധികളും, നിയന്ത്രണങ്ങളും ഉള്ള കോവിഡ് മഹാമാരി കാലഘട്ടത്തിലൂടെ സഞ്ചരിക്കുമ്പോഴും കാവൽ പദ്ധതിയിലെ കുട്ടികളുടെ സൃഷ്ടികൾ ഉൾപ്പെടുത്തി മാഗസിൻ പ്രസിദ്ധീകരിക്കുന്നു എന്നറിയുന്നതിനുള്ള സന്തോഷം അറിയിക്കുന്നു.

കാവൽ പദ്ധതിയുടെ ഭാഗമായി നടത്തിയ നിരവധി പ്രവർത്തനങ്ങളിൽ സജീവ പങ്കാളികളാകുവാൻ തയ്യാറായ എല്ലാ കുട്ടികൾക്കും അവരുടെ മാതാപിതാക്കൾക്കും അഭിനന്ദനങ്ങൾ. ഇപ്രകാരം ഒരു മാഗസിൻ തയ്യാറാക്കുന്നതിനു വേണ്ടി മുൻകൈയ്യെടുത്ത എല്ലാവർക്കും അഭിനന്ദനങ്ങൾ...

ഡോ. ബിനോയ് ജോസഫ്
പ്രിൻസിപ്പാൾ
രാജഗിരി കോളേജ് ഓഫ്
സോഷ്യൽ സയൻസസ്
കളമശ്ശേരി

# ആശംസ

ഈ പ്രതിസന്ധിഘട്ടത്തിലും നമ്മുടെ കുട്ടികളുടെ കഴിവുകൾ കണ്ടെത്തി അത് പരിപോഷിപ്പിക്കാൻ എടുത്ത ശ്രമങ്ങൾ പ്രശംസനീയമാണ്....അതിനായി പ്രവർത്തിച്ച കാവൽ ടീം അംഗങ്ങൾക്കും ഇന്റേൺഷിപ് കുട്ടികൾക്കും അഭിനന്ദനങ്ങൾ...കുട്ടികളുടെ കലാവാസനകൾ ഒരു പുസ്തകരൂപത്തിൽ അവരുടെ ഭാവിക്ക് ഒരു പ്രചോദനം എന്ന രീതിയിൽ വിഭാവനം ചെയ്ത 'ഉയരെ' എന്ന കൊച്ചു മനോഹര പുസ്തകത്തിന് സ്നേഹാശംസകൾ നേരുന്നു.

ഫാ. ഷിന്റോ ജോസഫ്
സി.എം.ഐ, എം.ഫിൽ
അസി.ഡയറക്ടർ
രാജഗിരി കോളേജ് ഓഫ്
സോഷ്യൽ സയൻസസ്
കളമശ്ശേരി

# ആശംസ

കോവിഡ് എന്ന മഹാമാരി പടർന്നു പിടിക്കുന്ന സാഹചര്യത്തിൽ പ്രത്യാശയുടെ കൈത്തിരിയുമായി ലോകം ഒരു പുതിയ പുലരിക്കായി കാത്തിരിക്കുന്നു. ഈ അവസരത്തിൽ 'ഉയരെ' എന്ന ഈ കൊച്ചു പുസ്തകത്തിന്റെ മൂല്യം പറഞ്ഞറിയിക്കാൻ പറ്റുന്നതിലും ഉപരിയാണ്... നമ്മുടെ കുട്ടികളുടെ സർഗവാസനകൾ ഉയർത്തിപ്പിടിക്കാനും, അത് പരിപോഷിപ്പിക്കുവാനും ഉപയോഗിച്ച ഈ പ്രയത്നം പ്രശംസനീയമാണ്... ഇതിനായി പ്രവർത്തിച്ച കാവൽ ടീം അംഗങ്ങൾക്കും, മാഗസിനിൽ കൈയ്യൊപ്പ് പതിപ്പിച്ച എല്ലാ കൂട്ടുകാർക്കും അഭിനന്ദനങ്ങൾ. 'ഉയരെ' എന്ന പുസ്തകം ഒരു വലിയ തുടക്കമാകട്ടെ എന്ന് സ്നേഹപൂർവ്വം ആശംസിക്കുന്നു.

ഡോ.ഫാ എം.കെ ജോസഫ്

സി. എം.ഐ

ഹെഡ് ഓഫ് ദി ഡിപ്പാർട്ട്മെൻറ്

ഡിപ്പാർട്ട്മെൻറ് ഓഫ് സോഷ്യൽ വർക്ക്


രാജഗിരി കോളേജ് ഓഫ് സോഷ്യൽ

സയൻസസ് കളമശ്ശേരി

# ആശംസ

കാവൽ പദ്ധതിയുടെ ഭാഗമായി തയ്യാറാക്കിയ മാഗസിനിൽ വ്യക്തിമുദ്ര പതിപ്പിച്ച എല്ലാ കുരുന്നുകൾക്കും, അവർക്ക് പ്രതീക്ഷയും പ്രചോദനവും നൽകി ഈ കലാസൃഷ്ടി മനോഹരമാക്കിയ എല്ലാ വ്യക്തിത്വങ്ങൾക്കും അഭിനന്ദനങ്ങൾ.... 'ഉയരെ' എന്ന പുസ്തകം ഒരു വലിയ തുടക്കമാകട്ടെ എന്ന് ആശംസിക്കുന്നു..

ശ്രീമതി. മീന കുരുവിള
പ്രോജക്ട് ഡയറക്ടർ
രാജഗിരി ഔട്ട്റീച്ച്
രാജഗിരി കോളേജ് ഓഫ്
സോഷ്യൽ സയൻസസ്
കളമശ്ശേരി



**Painting by VV**

നേരിൽ കണ്ടു

ഞാനുമാ

ദൈവത്തിൻ രൂപം

സന്തോഷമായാലും

സങ്കടമായാലും

താങ്ങായി

തുണയായി

കൂടെയിരിക്കുമാ

ദിവ്യരൂപം

–എ. ടി



Digital painting by SJ



**Pencil drawing by AA**





Digital painting by SJ



**Drawing by Lord Gris**




Digital painting by SJ



**Pencil drawing by  ML**



**Pencil drawing by ML**

## ORIGIN OF ILLUMINATI


At the late 17th century, it was an era where church and church services played a significant role in Germany among the people. Even the king couldn't defy any religious activities .However many Superstitious beliefs were developed & unfair practices were also followed by religious activities. They believed that if the technology & Science develop among the people, it would make God and Religious activities less important. At that time, a German philosopher Adam Weishaupt brought out the concept of Illuminati, that is worshiping devil, worshiping Lucifer the fallen angel.

However, it never lasted for long. After few years, a new law was passed by the ruler by boycotting the illuminati and those who were involved were executed. Several years later, when it was assumed there was no illuminati, a book was published, conveying the message that the illuminati hadn't gone anywhere but still prevalent.

-SH







SH Photography



AJ





**Pencil drawing by NR**




,

**Digital painting by SJ**





**Wall art done by NR**





**Wall art done by NR**



**Wall art done by NR**

# യാത്രാവിവരണം

ഞാൻ പോയ സ്ഥലങ്ങളിൽ ഇഷ്ടപ്പെട്ട സ്ഥലം ഏതെന്ന് ചോദിച്ചാൽ എല്ലാം ഇഷ്ടമാണ്. പക്ഷേ ഇഷ്ടപ്പെട്ട യാത്ര ഏത് എന്ന് ചോദിച്ചാൽ അത് ബാംഗ്ലൂർ യാത്രയാണ്. എന്റെ സഹോദരിയെ കൂട്ടിക്കൊണ്ടുവരാൻ പോയതാണ്. ഒരു ട്രെയിൻ യാത്ര. എറണാകുളം സ്റ്റേഷനിൽ നിന്നും യാത്ര ആരംഭിച്ചു. തിക്കുംതിരക്കും ഉള്ള ആൾക്കൂട്ടത്തിനിടയിൽ ട്രെയിനിന്റെ ചലനത്തിനൊപ്പം ആടിയും കുലുങ്ങിയും ഞങ്ങളും നീങ്ങി. ഇരിക്കാൻ സ്ഥലം ഉണ്ടായിരുന്നില്ല. ഞെങ്ങി നിരങ്ങി അതിനകത്തു നിന്നതിനാൽ പുറത്തെ കാഴ്ച മുഴുവനും കാണാൻ പറ്റിയില്ല. പിന്നെ പയ്യെ പയ്യെ ഓരോ സ്റ്റേഷനിലും ആയി ആൾക്കാർ ഇറങ്ങി. കിട്ടിയ ഒരു സീറ്റിൽ ഞാൻ വേഗം കയറിയിരുന്നു. അപ്പോഴും കുറെ കൃഷിത്തോട്ടവും കായലും മാത്രമാണ് കണ്ടത്. പിന്നെ സൂര്യൻ പതിയെ മലകൾക്ക് പിന്നിൽ മറയുന്ന സുന്ദരമായ കാഴ്ച എന്റെ മനസ്സിൽ തറച്ചു. രാത്രിയിൽ ചന്ദ്രന്റെ നിലാവിൽ കാണാൻ കഴിയുന്ന കാഴ്ചകൾ കണ്ടു. കുറച്ചു കഴിഞ്ഞപ്പോൾ കണ്ണുകൾ എന്നെ ഉറക്കത്തിലേക്ക് കൊണ്ടുപോയി. പിറ്റേന്ന് സമയം 7 മണി കഴിഞ്ഞിരുന്നു ഞാൻ കണ്ണു തുറക്കുമ്പോൾ.അപ്പോഴാണ് കാഴ്ചയുടെ വർണലോകം ഞാൻ കണ്ടത്. പച്ചപിടിച്ചു നിൽക്കുന്ന മലകൾ, അതിൽ കുറച്ച് പാറകളും. താഴെ പച്ചപിടിച്ചു നിൽക്കുന്ന പുൽമേട്ടുകളിൽ കുറെ പെൺ മയിലുകൾ നിൽക്കുന്നത്കണ്ടു. പാറക്കു മുകളിലും വേലികൾക്ക് മുകളിലും ചിലതൊക്കെ ഇരിക്കുന്നുണ്ടായിരുന്നു. ചിലത് പ്രാണികളെയും പുഴുക്കളെയും കൊത്തി നടക്കുന്നുണ്ടായിരുന്നു. നല്ല നീളമുള്ള സ്ഥലംആയിരുന്നതിനാൽ കാഴ്ച അത്ര പെട്ടെന്ന് മാഞ്ഞു പോയില്ല. അങ്ങനെ ഒരു 9 മണി ആയപ്പോഴേക്കും മെജസ്റ്റിക് സ്റ്റേഷനിലിറങ്ങി. ഇതാണ് എനിക്കിഷ്ടപ്പെട്ട യാത്ര.

–AJ










## *SS Photography*





**Drawing by UN**




**Photo took by HK in his mobile.**



**Pencil drawing by JS**

# *UM Photography*





**Digital art by KS**

# <u>My First School Trip</u>


Trips help one to find, explore, experience and enjoy new discoveries. Trips also adds to one's knowledge. September 2019, I had my first school trip. It was a two day trip to Mysore-Coorg. Those two days were the best day of my life. I had visited many cool places like Mysore Palace, zoo, bamboo forest, St. Philomena Church and many other tourist sites. What made those days colorful was not really the places but the company. The bonding with the friends is equal to none. I really wished I could live in those days for eternity. The first place was the Mysore Palace, after checking out the hotel. It's beauty was nothing but astounding. It surely is a national treasure. The next place was the zoo. I had a personal conflict when i saw those birds and animals. I felt trapped. Are they really okay with being caged& caught; even if they aren't okay what could I possibly do for them? I have no idea. But that feeling couldn't spoil my mood for much longer. I really enjoyed the trip to its fullest. The colorfulness of the Brindavan garden, the adventurous bamboo forest, the camp fire, all those were on different level experience. Unfortunately, the trip ended before I knew it. It was a sad moment to bid farewell to those beautiful days.

By,

SKE



Lord gris



**Pencil drawing by ML**



Painting by Lord gris








WE ALL ARE FIGHTING
AGAINST COVID-19

# അനുഭവകുറിപ്പ്

മയക്കുമരുന്ന് കേസിൽ മകൻ പെട്ടപ്പോൾ അവന്റെ ഭാവിയെ ഓർത്തായിരുന്നു ഒരുപാട് ടെൻഷൻ ഉണ്ടായിരുന്നത് .കേസിനെ കുറിച്ച് വലിയ അറിവൊന്നും ഇല്ലായിരുന്നു. എങ്കിലും കാവൽ ടീം അംഗങ്ങൾ നൽകിയ ട്രെയിനിങ്ങുകളും മറ്റു സേവനങ്ങളും അവനും ഞങ്ങൾക്കും ആ സമയത്തെ പ്രതിസന്ധികൾ തരണം ചെയ്യാനും, മാനസിക വിഷമങ്ങൾ മറികടക്കാനും സഹായിച്ചു.. ഭാവിയെ കുറിച്ച് പ്രതീക്ഷ നൽകുന്നതിൽ കാവൽ ടീം വഹിച്ച പങ്ക് വളരെ വലുതായിരുന്നു. ഓരോ പ്രതിസന്ധി ഘട്ടത്തിലും ഞങ്ങളോടൊപ്പം നിന്ന കാവലിനു നന്ദി.......

. രക്ഷിതാവ്

# അനുഭവകുറിപ്പ്

കേസിൽ പെട്ടതിന്  ശേഷം കുടുംബക്കാരും നാട്ടുകാരും എന്റെ മകനെ കുറ്റവാളിയായി ചിത്രീകരിക്കാൻ തുടങ്ങി. സാമ്പത്തികമായി ഏറെ ബുദ്ധിമുട്ടുന്ന എനിക്ക് മകന്റെ പല ആഗ്രഹങ്ങളും സാധിച്ച് കൊടുക്കാൻ കഴിഞ്ഞിട്ടില്ല. കേസിൽപ്പെട്ട സമയത്ത്, ശാരീരികമായും മാനസികമായും തളർന്ന സമയത്ത് ഒരു കൈത്താങ്ങേകിയത് കാവൽ ആണ് . എന്റെ മകനെ അവൻ ചെയ്ത തെറ്റ് മനസ്സിലാക്കി കൊടുക്കുവാനും അതിൽ നിന്നും അവനെ മോചിപ്പിച്ച് പുതിയൊരു പ്രതീക്ഷയുടെ പാത തുറന്നു കൊടുക്കുവാനും കാവലിന് സാധിച്ചു.

രക്ഷിതാവ്

# അനുഭവകുറിപ്പ്

കാവലിലെ ചേട്ടനോടും ചേച്ചിയോടും സംസാരിക്കുമ്പോൾ ആണ് എനിക്ക് കുറച്ചെങ്കിലും ആശ്വാസമാകുന്നത്. ഞാൻ ചെയ്ത കാര്യങ്ങളെ കുറിച്ച് എനിക്ക് ഇപ്പോൾ പൂർണ ബോധ്യമുണ്ട്... എന്നാൽ എന്റെ വീട്ടുകാർക്ക് പലപ്പോഴും എന്നെ മനസ്സിലാക്കാൻ കഴിഞ്ഞിരുന്നില്ല. അത്തരത്തിലുള്ള സാഹചര്യങ്ങളിൽ എനിക്കും എന്റെ രക്ഷിതാക്കൾക്കും കാവലിന്റെ സേവനങ്ങൾ വളരെ ഉപകാരപ്രദമായിരുന്നു.

ജെ.കെ.ബി


നന്ദി




UYARE MAGAZINE IS OWNED AND PUBLISHED BY

KAVAL PROGRAMME, RAJAGIRI OUTREACH ,

RAJAGIRI COLLEGE OF SOCIAL SCIENCES (AUTONOMOUS) ERNAKULAM

RAJAGIRI outREACH

വനിത
ശിശുവികസന
വകുപ്പ്